# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5590 18/11/2019-ൽ മറുപടിക്ക്

### സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റുഡന്റ് ഡോക്ടർ പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | എ) | കേരളത്തിലെ 50% ജില്ലകളിൽ കൗമാര ആരോഗ്യ പദ്ധതിയിലൂടെ പിയർ എഡ്യൂക്കേറ്റർമാരുടെ (സമപ്രായക്കാർ) വലിയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 8,9,11-ാം ക്ലാസ്സുകളിലെ നേതൃത്വപാടവം ഉള്ള വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്ക് 5 ദിവസം നീണ്ട കൗമാര ആരോഗ്യ പരിശീലനം നൽകിയാണ് ഈ കൂട്ടായ്മയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. വയനാട് ജില്ലയിൽ ഈ പിയർ എഡ്യൂക്കേറ്റർ സംഘത്തെ "കുട്ടി ഡോക്ടർ" എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ മുഖേന കൗമാര ആരോഗ്യ പ്രശ്നങ്ങൾ കാലേ കൂട്ടി കണ്ടു പിടിക്കുക (Buddy Detection), ഒരു സഹപാഠിക്ക് ചെയ്യുവാൻ പറ്റുന്ന സഹായങ്ങളും ആശയങ്ങളും നൽകുക (buddy help), കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തിയാൽ അവരെ ഉചിതമായ വിദഗ്ധ സേവന ദാതാക്കൾ/ ആരോഗ്യ പ്രവർത്തകർക്ക് റഫർ ചെയ്യുകയും ചെയ്യുന്നു (Buddy Referral). പുറമെ ഇവർ കൗമാരക്കാർക്കുള്ള മറ്റ് ആരോഗ്യ ഇടപെടലുകളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. |
| ബി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി | ബി) | സംസ്ഥാനത്ത് 7 ജില്ലകളിൽ കൗമാര ആരോഗ്യ പദ്ധതിയിലൂടെ പിയർ എഡ്യൂക്കേറ്റർ (സമപ്രായക്കാർ) |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ പിയർ എഡ്യൂക്കേറ്റർ സംഘത്തെ 'കുട്ടി ഡോക്ടർ' എന്ന പേരിൽ അറിയപ്പെടുന്നു. സമാനമായ രീതിയിൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ പ്രവർത്തനം നടന്നു വരുന്നു. |
| സി) | ഇനിയും എവിടെയൊക്കെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | സി) | ഇപ്പോൾ 7 ജില്ലകളിൽ നടത്തി വരുന്ന ഈ പദ്ധതി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ